# മത്തായി 15:21-28

പെരുംമ്പടവം ശ്രീധരന്റെ അഷ്ടപദി എന്ന നോവൽ പ്രാർത്ഥന നിരർത്ഥകം ആയപ്പോൾ ദൈവത്തെ പഴിക്കുന്നവരുടെ ചിത്രം വരച്ചുകാട്ടുന്നുണ്ട്. അമ്പലത്തിൽ മാല കെട്ടുന്ന മാധവിവാര്യരുടെ പരാതി ഇതാണ് "തേവരെ, എഴാം വയസിൽ ഞാൻ ഈ അമ്പലത്തിൽ എത്തിയതാണ്. നിനക്കായി ഞാൻ എന്തോരം പൂക്കൾ നുള്ളി. എത്ര മാലകൾ കോർത്തു. എന്നിട്ടും സമയം ആയപ്പോൾ എന്റെകഴുത്തിൽ ഒരു മാല ഇടാൻ നീ മറന്നു പോയല്ലോ. നഷ്ടയുവത്വത്തിന്റെ വിതുമ്പൽ. വാര്യരുടെ സങ്കടം മറ്റൊന്നാണ്. "എന്റെതേവരെ, ഞാൻ എടുത്ത കുത്തുവിളക്കിന്റെപ്രകാശത്തിന്റെവെളിച്ചത്തിൽ അല്ലെ നീ എഴുന്നള്ളിയത്. എന്നിട്ടും നീ എന്റെ ജീവിതത്തിൽ ഒരു വിളക്ക് തെളിക്കാൻ മറന്നു പോയോ? മാരാരുടെ സങ്കടവും മറ്റൊന്നും അല്ല. "എന്റെതേവരെ നിനക്കായി പാടി പാടി എന്റെ ഒച്ച അടഞ്ഞു എന്റെ ഇടയ്ക്കയുടെ നാദം പോയി. എന്നിട്ടും എന്റെജീവിതത്തിലെ ശ്രുതിഭംങ്ങങ്ങൾക്ക് നീ ഒരു പരിഹാരം ആയില്ലലോ".

സാധാരണ മനുഷ്യരും ഇതൊക്കെതന്നെ പറയാറുണ്ട്. ഒൻപതു ആഴ്ച നോവേനകൂടി വേളാങ്കണ്ണിയിലും മലയാറ്റൂരിലും ഒക്കെ പോയി. നേർച്ചകഴ്ചകൾ

അർപ്പിച്ചു. എന്നിട്ടും ജീവിതം ഒരു ഗതി പിടിക്കുന്നില്ലല്ലോ. മകന്റെ ജോലി ശരിയാകുന്നില്ല. വീടിന്റെപണി പൂർത്തി ആക്കാൻ പറ്റുന്നില്ല. മകളുടെ വിഹാഹം നടക്കുന്നില്ല. ഇനി പള്ളി ഇല്ല. പട്ടക്കാരൻ ഇല്ല, കൂദാശ ഇല്ല, പ്രാർത്ഥന ഇല്ല.

പ്രാർത്ഥനയിൽ മടുപ്പ് തോന്നുന്നവർക്ക് മാതൃക ആയി വി. ഗ്രന്ഥം നൽകുന്ന മാതൃക ആണ് കാനൻകാരി സ്ത്രീ. ശിഷ്യന്മാരുടെ വിലക്കിനെ മാറികടന്ന് ഈശോ അവളുടെ വിശ്വാസത്തെ പരീക്ഷിച്ചിട്ടും അവൾ പിന്മാറാൻ കൂട്ടാക്കുന്നില്ല. അവളുടെ മറുപടി ശ്രദ്ധിക്കുക. “നായ്ക്കളും യജമാനന്റെ മേശക്കരികിൽ വീഴുന്നവ ഭക്ഷിക്കരുണ്ടാലോ”.

നാട്ടിൽ രണ്ടുതരം നായ്ക്കൾ ഉണ്ട്. വളർത്തുനായ്ക്കളും അലഞ്ഞു തിരിയുന്ന തെണ്ടിപട്ടികളും. തെണ്ടി പട്ടികൾ ഭക്ഷണത്തിനായി ഓരോ സ്ഥലത്തും എത്തും. കിട്ടിയാൽ ഭക്ഷിക്കും. കല്ലേറ് കിട്ടിയാൽ കുരച്ചുകൊണ്ട് ഓടിപോകും. അതിനു സ്ഥായിയായ ഒരു യജമാനസ്നേഹമോ പ്രതിബധതയോ ഇല്ല. എന്നാൽ വളർത്തുനായ തല്ലു കിട്ടിയാലും കല്ലേറ് കിട്ടിയാലും യജമാനന്റെ കാൽക്കൽനിന്നും വിട്ടുപോകില്ല. അത് യജമാനന്റെവീട്ടുപടിക്കൽതന്നെ ഉണ്ടാകും. കാനന്കാരി കർത്താവിനോടു പറയുന്നതിന്റെ അർഥം ഇതാണ്. അപ്പം കിട്ടാതെ കല്ലേറുകിട്ടുമ്പോൾ ഓടി പോകുന്ന തെണ്ടിപട്ടി

അല്ല ഞാൻ, മറിച്ചു് തല്ലു കിട്ടിയാലും തലോടൽ കിട്ടിയാലും യജമാനന്റെവീട്ടുമുറ്റത്ത് നിൽകുന്ന വളർത്തുനായ ആണ് ഞാൻ.

ഏതു പ്രതികൂല സാഹചര്യത്തിലും ദൈവത്തെ വിട്ടു പോകാത്ത ഒരു മനസ്സ് അവൾക് ഉണ്ടെന്നു മനസ്സിലായപ്പോൾ കർത്താവു പറഞ്ഞു “സ്ത്രീയെ നിന്റെവിശ്വാസം വലുതാണ്” നിന്റെ ആഗ്രഹംപോലെ ഭവിക്കട്ടെ.

മുപ്പത്തിമൂന്നുവർഷം അസന്മാർഗിയായ അഗസ്തിനോസിന്നു വേണ്ടി പ്രാർത്ഥിച്ച വിശുദ്ധ മോനിക്കായുടെ മനോവ്യഥ മിലാനിലെ മെത്രാനായിരുന്ന വിശുദ്ധ അംബ്രോസ് പറഞ്ഞു “കണ്ണീരിന്റെ ഈ പുത്രൻ നശിച്ചു പോകില്ല. ദൈവം ഇടപെടുന്നൊരു സമയം ജീവിതത്തിൽ ഉണ്ട്”. ബെതസൈദ്‌ത കുളക്കരയിലെ രോഗി മുപ്പത്തിഎട്ടുവർഷം ദൈവത്തെ കാത്തു കിടന്നു. രക്തസ്രാവക്കാരിയുടെ ജീവിതത്തിൽ ദൈവം ഇടപെട്ടത് പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം ആണ്. മോനിക്കയുടെ പ്രാർത്ഥനകൾക്ക് ഉത്തരം ഉണ്ടായത് മുപ്പത്തിമൂന്നുവർഷങ്ങൾക്ക് ശേഷം ആണ്.

ചിലപ്പോൾ ദൈവം ഒരു നിമിഷത്തിന്റെ ഇടവേളകൊണ്ട് നിന്റെ ജീവിതത്തിൽ ഇടപെട്ടു എന്ന് വരും. പ്രാർത്ഥനകൾ ഒന്നും ഫലശൂന്യം ആയി തിരിച്ചുവരില്ല. നിനക്ക്

കാത്തിരിക്കാനുള്ള മനസ്സും വിശ്വാസം ഉള്ള ഒരു ഹൃദയവും ഉണ്ടെങ്കിൽ... അതിനായി പ്രാർഥിക്കാം.

Fr. Martin Sankoorikkal– Ernakulam

www.sundaypulpit.in